ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29-04-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) പശ്ചിമ ബംഗാളിൽ ഇന്ന് രണ്ടാംഘട്ട വോട്ടെടുപ്പ് ; 142 മണ്ഡലങ്ങൾ വിധിയെഴുതും ; കേരളത്തിൽ വോട്ടെണ്ണലിനായുള്ള ഒരുക്കങ്ങൾ പൂർണം.
   Second phase of polling begins in West Bengal for 142 constituencies; Counting preparations in Kerala complete.

2) രാജ്യത്ത് മതപരമായ ചടങ്ങുകളുടെ പേരിൽ റോഡുകൾ തടയാനാവില്ലെന്നും സമാധാനപരമായ പൊതുജീവിതത്തെ ബാധിച്ചാൽ സർക്കാരിന് ഇടപെടാമെന്നും സുപ്രീം കോടതി.
   Supreme Court says, roads cannot be blocked in the name of religious activities; government can intervene to ensure public peace.

3) ഉയർന്ന താപനിലയുടെയും ഉഷ്ണതരംഗത്തിന്റെയും പശ്ചാത്തലത്തിൽ, തൊഴിലാളികൾക്കുള്ള സുരക്ഷാ മാർഗ നിർദേശങ്ങൾ പുറത്തിറക്കി കേന്ദ്ര തൊഴിൽ മന്ത്രാലയം.
   Union Labour Ministry issues safety guidelines for workers in response to rising temperatures and heatwaves.

4) തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് ദുരന്തത്തിൽ ജുഡീഷ്യൽ കമ്മീഷൻ അന്വേഷണം ഇന്ന് മുതൽ.
   Judicial Commission begins inquiry into the Thrissur Mundathicode fireworks tragedy today.

5) മെയ് 1 മുതൽ പെട്രോളിയം കയറ്റുമതി രാജ്യങ്ങളുടെ സംഘടനയായ ഒപെകിൽ നിന്ന് പിന്മാറുമെന്ന് യു.എ.ഇ.
   UAE announces exit from OPEC effective May 1.

6) ഐ.പി.എൽ ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സിനെതിരെ രാജസ്ഥാൻ റോയൽസിന് ആറ് വിക്കറ്റ് ജയം.

Rajasthan Royals defeat Punjab Kings by six wickets in IPL.

*********************************

## WEST BENGAL ELECTION (INTRO)

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന പശ്ചിമ ബംഗാളിൽ രണ്ടാമത്തെയും അവസാനത്തേയും വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെടുപ്പ് രാവിലെ 7 മണിക്ക് ആരംഭിച്ചു. **വിശദാംശങ്ങളിലേക്ക്..........**

**(ഹോൾഡ് വോയ്സ്)**

## WEST BENGAL ELECTION (VO)

142 മണ്ഡലങ്ങളിലായി മൂന്ന് കോടി 20 ലക്ഷം വോട്ടർമാരാണ് പശ്ചിമബംഗാളിൽ രണ്ടാംഘട്ടത്തിൽ സമ്മതി ദാനാവകാശം വിനിയോഗിക്കുന്നത്. 1,448 സ്ഥാനാർത്ഥികൾ മത്സരരംഗത്തുണ്ട്. 41,001 പോളിങ്ങ് സ്റ്റേഷനുകളാണ് വോട്ടെടുപ്പിനായി ക്രമീകരിച്ചിരിക്കുന്നത്. സുരക്ഷയ്ക്കായി 2,321 കമ്പനി കേന്ദ്രസേനയെ സംസ്ഥാനത്ത് വിന്യസിച്ചിട്ടുണ്ട്. ഈ മാസം 23 ന് നടന്ന ആദ്യ ഘട്ട വോട്ടെടുപ്പിൽ 93.19 ശതമാനത്തിൻറെ റെക്കോർഡ് പോളിങ് ആണ് പശ്ചിമബംഗാളിൽ രേഖപ്പെടുത്തിയത്. കേരളം ഉൾപ്പെടെ നിയമസഭ തിരഞ്ഞെടുപ്പ് നടക്കുന്ന നാല് സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും മെയ് നാലിനാണ് വോട്ടെണ്ണൽ. **ന്യൂസ് ഡെസ്ക് ആകാശവാണി....**

*********************************

## EC-VOTER LIST

രണ്ടാം ഘട്ട വോട്ടെടുപ്പ് നടക്കുന്ന പശ്ചിമ ബംഗാളിൽ, സുപ്രീം കോടതി നിർദ്ദേശപ്രകാരം പുതിയ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച്

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ട്രൈബ്യൂണലിൽ ലഭിച്ച അപേക്ഷകൾ പരിഗണിച്ച ശേഷം, 1,468 പുതിയ വോട്ടർമാരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആറു പേരെ ഒഴിവാക്കുകയും ചെയ്തു. സപ്ലിമെന്ററി പട്ടികയിൽ പുതുതായി ചേർക്കപ്പെട്ട വ്യക്തികൾക്ക് ഇന്ന് വോട്ടവകാശം വിനിയോഗിക്കാം.

*********************************

## COUNTING – KERALA (INTRO)

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനായുള്ള ഒരുക്കങ്ങൾ അന്തിമഘട്ടത്തിലേക്ക് നീങ്ങുന്നു. **ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി തയ്യാറാക്കിയ റിപ്പോർട്ട്.**

**(വോയ്സ്)**

*********************************

## PRESIDENT – VISIT ATAL TUNNEL

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ റോഹ്താങ്ങിലെ ഇന്നത്തെ അടൽ ടണൽ സന്ദർശനം റദ്ദാക്കി. പ്രതികൂല കാലാവസ്ഥ കണക്കിലെടുത്താണ് നടപടി. മേഖലയിൽ ശക്തമായ കാറ്റിനും മഴയ്ക്കും മഞ്ഞുവീഴ്ചയ്ക്കുമുള്ള സാധ്യത നിലനിൽക്കുകയാണെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

*********************************

## PM UP VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഉത്തർപ്രദേശ് സന്ദർശനം തുടരുന്നു. വാരാണസിയിലെ കാശി വിശ്വനാഥ ക്ഷേത്രം ശ്രീ മോദി ഇന്ന് സന്ദർശിക്കും. വിവിധ പരിപാടികളിലും അദ്ദേഹം പങ്കെടുക്കും. ബിഎൽഡബ്ല്യൂ മുതൽ ശ്രീ കാശി വിശ്വനാഥ ക്ഷേത്രം വരെ റോഡ് ഷോയിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി പൊതുസമ്മേളനത്തേയും അഭിസംബോധന ചെയ്യും.

*********************************

## EQUADOR FM VISIT

ഇക്വഡോർ വിദേശകാര്യ മന്ത്രി ഗബ്രിയേല സോമർഫെൽഡിന്റെ മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനം ഇന്ന് ആരംഭിക്കും. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറുമായി സോമർഫെൽഡ് ഇന്ന് കൂടിക്കാഴ്ച നടത്തും. രാജ്ഘട്ടിൽ മഹാത്മാ ഗാന്ധി സമാധിയിൽ പുഷ്പചക്രം അർപ്പിക്കുന്ന അവർ കേന്ദ്രമന്ത്രിമാരായ ജെ.പി. നഡ്ഡ, പിയൂഷ് ഗോയൽ തുടങ്ങിയവരുമായും, ചർച്ച നടത്തും.

*********************************

## SC-ADMISSION

വിദ്യാഭ്യാസ അവകാശ നിയമപ്രകാരം വിദ്യാർത്ഥികൾക്ക് സ്കൂൾ പ്രവേശനം നിഷേധിക്കുന്നത് മൗലികാവകാശ ലംഘനമാണെന്ന് സുപ്രീം കോടതി. വിദ്യാർത്ഥികൾക്ക് കാലതാമസം കൂടാതെ പ്രവേശനം നൽകാൻ സ്വകാര്യ അൺ എയ്ഡഡ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്കൂളുകൾക്ക് നിയമപരമായ ബാധ്യതയുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും ദുർബല വിഭാഗങ്ങൾക്കും പ്രവേശനം നിഷേധിക്കുന്നത് ഭരണഘടനയുടെ 21 എ അനുച്ഛേദ പ്രകാരമുള്ള വിദ്യാഭ്യാസത്തിനായുള്ള മൗലികാവകാശത്തിന്റെ ലംഘനമാണെന്നും കോടതി നിരീക്ഷിച്ചു.

*********************************

## SUPREME COURT ROAD BLOCK

രാജ്യത്ത് മതപരമായ ചടങ്ങുകളുടെ പേരിൽ റോഡുകൾ തടയാനാവില്ലെന്നും സമാധാനപരമായ പൊതുജീവിതത്തെ ബാധിച്ചാൽ സർക്കാരിന് ഇടപെടാമെന്നും സുപ്രീം കോടതി. ശബരിമല സ്ത്രീപ്രവേശനവും മതസ്വാതന്ത്ര്യത്തിന്റെ പരിധിയും ഉൾപ്പെടെയുള്ള ഹർജികൾ പരിഗണിക്കവെ, ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ഒൻപതംഗ ഭരണഘടനാ ബെഞ്ചിന്റേതാണ് നിരീക്ഷണം.

************************************

## GOVT – HEAT WAVE ADVISORY

ഉയർന്ന താപനിലയുടെയും ഉഷ്ണതരംഗത്തിന്റെയും പശ്ചാത്തലത്തിൽ, തൊഴിലാളികൾക്കുള്ള സുരക്ഷയ്ക്കായി മാർഗ നിർദേശങ്ങൾ പുറത്തിറക്കി കേന്ദ്ര തൊഴിൽ മന്ത്രാലയം. സുരക്ഷാ നടപടികൾ ഉടനടി നടപ്പിലാക്കുന്നതിന് വ്യവസായ ശാലകൾ, നിർമ്മാണ കമ്പനികൾ, തൊഴിലുടമകൾ, തുടങ്ങിയവർക്ക് നിർദ്ദേശങ്ങൾ നൽകാൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉഷ്ണതരംഗത്തിനെതിരെ മുൻകരുതലും ദുരിതാശ്വാസ നടപടികളും സ്വീകരിക്കാൻ ആവശ്യപ്പെട്ട് ദേശീയ മനുഷ്യാവകാശ കമ്മീഷനും ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും സംസ്ഥാനങ്ങളിലെയും ഡൽഹിയിലെയും ചീഫ് സെക്രട്ടറിമാർക്ക് കത്തയച്ചു.

************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും...

(ബ്രേക്ക്)

************************************

## POWER PEAK– DEMAND

രാജ്യത്തെ വൈദ്യുതി ഉപഭോഗം സർവ്വകാല റെക്കോർഡിൽ. 256 ഗിഗാവാട്ടിന് മുകളിൽ വൈദ്യുതി എത്തിക്കാൻ രാജ്യത്തിന് സാധിച്ചതായി കേന്ദ്ര ഊർജ്ജമന്ത്രാലയം അറിയിച്ചു. അയൽരാജ്യങ്ങളിലേക്കുള്ള വൈദ്യുതി കയറ്റുമതി നിലനിർത്തിക്കൊണ്ടുതന്നെ ഈ നേട്ടം കൈവരിക്കാനായെന്നും മന്ത്രാലയം വ്യക്തമാക്കി. 2024 മെയ് മാസത്തിൽ രേഖപ്പെടുത്തിയ 250 ഗിഗാവാട്ട് എന്ന റെക്കോർഡാണ് മറികടന്നത്. അതേസമയം വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് കേരളത്തിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താൻ

കെ.എസ്.ഇ.ബി ഉന്നതതലയോഗത്തിൽ തീരുമാനിച്ചു. വൈകുന്നേരം ആറിനും, പന്ത്രണ്ടിനുമിടയിൽ അരമണിക്കൂറിൽ താഴെ സമയത്തേക്ക് ആയിരിക്കും നിയന്ത്രണം.

**************************************************

## ASHWINI-AI-HUB (INTRO)

നിർമിതബുദ്ധി ആപ്ലിക്കേഷനുകളിലൂടെ, വിദ്യാഭ്യാസം, ആരോഗ്യം, എയ്റോസ്പേസ്, കൃഷി തുടങ്ങിയ മേഖലകളിലെ നിരവധി മുന്നേറ്റങ്ങൾക്ക് എഐ ഹബ് വഴിയൊരുക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. വിശാഖപട്ടണത്ത്, ഗൂഗിൾ ക്ലൗഡ് ഇന്ത്യ എഐ ഹബ്ബിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

**(ഹോൾഡ് വോയ്സ്........)**

**************************************************

## THRISSUR FIRE - ENQUIRY

തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് ദുരന്തം ജുഡീഷ്യൽ കമ്മീഷൻ്റെ അന്വേഷണം ഇന്ന് മുതൽ. ജസ്റ്റിസ് സി.എൻ.രാമചന്ദ്രൻ നായർ അപകടസ്ഥലം ഇന്ന് സന്ദർശിക്കും. ദുരന്ത ബാധിതരെയും ജില്ലാ കളക്ടറെയും തൃശൂർ കമ്മീഷണറേയും അദ്ദേഹം നേരിൽ കാണും.

**************************************************

## KERALA WEATHER

കനത്ത ചൂടിന് ആശ്വാസമായി സംസ്ഥാനത്തിൻറെ വിവിധ ജില്ലകളിൽ ഇന്നലെ വേനൽമഴയെത്തി. വരും ദിവസങ്ങളിൽ മഴ കൂടുതൽ ശക്തിപ്പെടുമെന്നാണ് കാലാവസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പ്.

**************************************************

## MANGALAM DAM

പാലക്കാട് ജില്ലയിൽ വേനൽക്കെടുതി രൂക്ഷമായ സാഹചര്യത്തിൽ മംഗലം അണക്കെട്ടിന്റെ റിവർ സ്ല്യൂയിസ് വഴി ഇന്ന് രാവിലെ എട്ടിന് പുഴയിലേക്ക് വെള്ളം തുറന്നുവിടും. പുഴയുടെ തീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് നിർദേശം.

*******************************************

## UAE OPEC

മെയ് 1 മുതൽ പെട്രോളിയം കയറ്റുമതി രാജ്യങ്ങളുടെ സംഘടനയായ ഒപെക് വിടാൻ തീരുമാനിച്ച് യു.എ.ഇ. ഏറ്റവും വലിയ എണ്ണ ഉൽപ്പാദകരിൽ ഒന്നായ യു.എ.ഇ യുടെ പിന്മാറ്റം ആഗോള എണ്ണ വിതരണത്തിലുള്ള ഒപെക്കിൻ്റെ നിയന്ത്രണം ദുർബലപ്പെടുത്തിയേക്കും. ഒപെക് നിയന്ത്രണം ഇല്ലാത്തതിനാൽ ഇനി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ യു.എ.ഇ ക്ക് പൂർണ്ണ സ്വാതന്ത്ര്യം ലഭിക്കും.

*******************************************

## ISRAEL- HEZBOLLAH

ലെബനനിലെ ഖാന്തറ മേഖലയിൽ ഹിസ്ബുള്ളയുടെ തുരങ്കം തകർത്തതായി ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. ഹിസ്ബുള്ളയുടെ ഭീകരകേന്ദ്രങ്ങൾ നശിപ്പിക്കുകയാണെന്നും നിരവധി ഭീകരരെ വധിച്ചതായും അദ്ദേഹം വ്യക്തമാക്കി. അതേസമയം ഗാസയിലെ വെടിനിർത്തലിന് അപ്പുറം ഇസ്രായേൽ അധിനിവേശം പൂർണ്ണമായും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോഓപ്പറേഷൻ ഐക്യരാഷ്ട്രസഭ രക്ഷാസമിതിയോട് ആവശ്യപ്പെട്ടു. പലസ്തീൻ ജനതയ്ക്കും അയൽരാജ്യങ്ങൾക്കും എതിരെ ഇസ്രായേൽ നടത്തുന്ന ആക്രമണങ്ങളെയും സംഘടന അപലപിച്ചു.

*******************************************

## IPL

ഐപിഎൽ ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സിനെതിരെ രാജസ്ഥാൻ റോയൽസിന് ആറ് വിക്കറ്റ് ജയം. പഞ്ചാബ് ഉയർത്തിയ 223 റൺ വിജയലക്ഷ്യം, നാല് പന്ത് ബാക്കിനിൽക്കെ, 4 വിക്കറ്റ് നഷ്ടത്തിൽ രാജസ്ഥാൻ മറികടന്നു. ഇന്ന് നടക്കുന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസ് സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും. രാത്രി 7.30ന് മുംബൈയിലാണ് മത്സരം.

*********************************

## COMMON WEALTH CHAMPIONSHIP

കോമൺവെൽത്ത് യൂത്ത് ആൻഡ് ജൂനിയർ ചാമ്പ്യൻഷിപ്പിൻ്റെ രണ്ടാം ദിവസം ഇന്ത്യക്ക് നാല് സ്വർണ്ണം. പുരുഷന്മാരുടെ 65 കിലോഗ്രാം വിഭാഗത്തിൽ സുനിൽ സിംഗും, വനിതകളുടെ 58 കിലോഗ്രാം വിഭാഗത്തിൽ ഐസാങ്ഫ ഗൊഗോയും, പുരുഷന്മാരുടെ 71 കിലോഗ്രാം വിഭാഗത്തിൽ അഭിനോബ് ഗൊഗോയും 65 കിലോഗ്രാം വിഭാഗത്തിൽ അരുണാചൽ പ്രദേശിന്റെ ചാരു പെസിയുമാണ് സ്വർണ്ണം നേടിയത്.

*********************************

## PAKISTAN ATTACK

അഫ്ഗാനിസ്ഥാനിലെ കുനാർ പ്രവിശ്യയിൽ പാകിസ്ഥാൻ നടത്തിയ ആക്രമണത്തിൽ ഏഴ് പേർ കൊല്ലപ്പെട്ടു. 75 ഓളം പേർക്ക് പരിക്കേറ്റു. സയ്യിദ് ജമാലുദ്ദീൻ അഫ്ഗാൻ യൂണിവേഴ്സിറ്റിയും ആക്രമിക്കപ്പെട്ടു. യൂണിവേഴ്സിറ്റി കാമ്പസിലുണ്ടായ വെടിവയ്പ്പിൽ ഏകദേശം 30 വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും പരിക്കേറ്റതായാണ് വിവരം. അഫ്ഗാനിസ്ഥാൻ ഉന്നത വിദ്യാഭ്യാസ മന്ത്രാലയം ആക്രമണത്തെ ശക്തമായി അപലപിച്ചു.

*********************************

## US SENATE-CUBA

യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ക്യൂബയ്ക്ക് മേൽ ഏർപ്പെടുത്തിയിരിക്കുന്ന ഊർജ്ജ ഉപരോധം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് യുഎസ് സെനറ്റിലെ ഡെമോക്രാറ്റ് അംഗങ്ങൾ നിയമനിർമ്മാണത്തിനായി കൊണ്ടുവന്ന പ്രമേയം റിപ്പബ്ലിക്കൻ അംഗങ്ങൾ തള്ളി. കോൺഗ്രസിന്റെ അനുമതിയില്ലാതെ ഉപരോധം തുടരാനാവില്ലെന്നായിരുന്നു ഡെമോക്രാറ്റുകളുടെ നിലപാട്. എന്നാൽ, ക്യൂബയുമായി രാജ്യം നേരിട്ടുള്ള യുദ്ധത്തിലല്ലാത്തതിനാൽ ഈ പ്രമേയം നിലനിൽക്കില്ലെന്നായിരുന്നു റിപബ്ലിക് അംഗങ്ങളുടെ വാദം.

*******************************

## EAM- UNGA PREZ

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, ഐക്യരാഷ്ട്രസഭയുടെ പൊതുസഭാ അധ്യക്ഷ അന്നലീന ബെയർബോക്കുമായി, ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. സുസ്ഥിര വികസന ലക്ഷ്യങ്ങൾ, നിർമ്മിതബുദ്ധിയുടെ പ്രത്യാഘാതങ്ങൾ, പശ്ചിമേഷ്യയിൽ നടന്നുകൊണ്ടിരിക്കുന്ന സംഘർഷം തുടങ്ങിയ വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്തതായി ശ്രീ ജയ്ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു.

*************************************************************

*******************************